# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1030 05.02.2020 ൽ മറുപടിയ്ക്ക്

## ഐ.ടി.ഐ കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ

*ചോദ്യം* *ഉത്തരം*

ശ്രീ.മോൻസ് ജോസഫ് : ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** ഐ.ടി.ഐ. കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | **(എ)** തൊഴിൽ സാധ്യതയും വ്യാവസായിക ആവശ്യകതയും കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും വ്യാവസായിക ആവശ്യകത ഏറിയതുമായ ട്രേഡുകൾ ഐ.ടി.ഐകളിലെ കോഴ്സ് റീ-വാമ്പിംഗിന്റെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പ് തലത്തിൽ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ Skill Strengthening for Industrial Value Enhancement (STRIVE) മുഖേന തിരഞ്ഞെടുക്കപ്പെട്ട 17 സർക്കാർ ഐടിഐകളിലും 2 പ്രൈവറ്റ് ഐടിഐകളിലും തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** 2020-21 അധ്യയന വർഷം ഏതെല്ലാം ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | **(ബി)** മലയിൻകീഴ്, മടിക്കൈ, ചാലക്കുടി എന്നീ സർക്കാർ ഐ.ടി.ഐ കളിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| **(സി)** ഏതെല്ലാം കോഴ്സുകളാണ് പുതിയ അധ്യയന വർഷം ആരംഭിക്കാൻ പോകുന്നതെന്നും പഴയ ഏതെല്ലാം കോഴ്സുകൾ നിർത്തലാക്കുന്നുവെന്നും വിശദമാക്കാമോ; | **(സി)** തൊഴിൽ സാധ്യതയും വ്യാവസായിക ആവശ്യകതയും കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും വ്യാവസായിക ആവശ്യകത ഏറിയതുമായ ട്രേഡുകൾ ഐടിഐകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| **(ഡി)** ഐ.ടി.ഐ.കളിൽ നിന്നും തൊഴിൽ പരിശീലനത്തിനായി ഏതെല്ലാം വിദേശരാജ്യങ്ങളിലേക്ക് വിദ്യാർത്ഥികളെ അയക്കുന്നു എന്ന് വ്യക്തമാക്കാമോ? | **(ഡി)** ഇന്ത്യാ സ്കിൽസ് കേരള 2020 മൽസരങ്ങളിൽ വിജയം കരസ്ഥമാക്കുന്നതും ഐ.ടി.ഐ കളിൽ പരിശീലനം നേടി വരുന്നതുമായ 80 വിദ്യർത്ഥികളെ സിംഗപ്പൂരിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ പരിശീലനത്തിനയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ